## പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.200 08/02/2016 ൽ മറുപടി നൽകേണ്ടിയിരുന്നത്**

**വിജിലൻസ്അന്വേഷണം നേരിടുന്ന മന്ത്രിമാർ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ഇ.ചന്ദ്രശേഖരൻ | ശ്രീ.ഉമ്മൻ ചാണ്ടി<br>(മുൻ മുഖ്യ മന്ത്രി) |
| (എ) ഈ സർക്കാർ അധികാരമേറ്റ ശേഷം ഏതൊക്കെ മന്ത്രിമാരാണ് വിജിലൻസ് കേസുകളിൽ അന്വേഷണം നേരിടുന്നതെന്ന് മന്ത്രി, കേസിനാസ്പദമായ വിഷയം എന്നിവ തിരിച്ച് വിശദമാക്കാമോ;<br>(ബി) ഓരോ കേസിന്റെയും അന്വേഷണം ഏതു ഘട്ടത്തിലാണെന്ന് പറയാമോ; | (എ) യും (ബി) യും മുൻ സർക്കാരിന്റെ കാലത്ത് ശ്രീ.പിജെ.ജോസഫിനെതിരെ വനം കയ്യേറ്റവുമായി ബന്ധപ്പെട്ട് വി.സി.06/12/ഇ.ആർ.കെ നമ്പരായി വിജിലൻസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി അന്തിമ റിപ്പോർട്ട് 19/03/2015 ൽ കോട്ടയം വിജിലൻസ് കോടതിയിൽ സമർപ്പിച്ചു. കോടതിയുടെ ഉത്തരവ് ലഭിച്ചിട്ടില്ല.<br>2. നിയമാനുസൃതമല്ലാതെ വാട്ടർ കണക്ഷൻ നൽകാൻ ഉത്തരവിട്ടതുമായി ബന്ധപ്പെട്ട് ശ്രീ.പി.ജെ.ജോസഫിനെതിരെ വി.സി.07/13/ടി.എസ്.ആർ നമ്പരായി ഒരു വിജിലൻസ് കേസ് രജിസ്റ്റർ ചെയതത് അന്വേഷണം നടത്തി അന്തിമ റിപ്പോർട്ട് 30/12/2013 ൽ തൃശ്ശൂർ വിജിലൻസ് കോടതിയിൽ സമർപ്പിച്ചു. ഇതിന്മേൽ കോടതിയുടെ ഉത്തരവ് ലഭിച്ചിട്ടില്ല.<br>3. ഓമശ്ശേരിയിൽ അംഗീകൃത മൊത്ത വ്യാപാര ഡിപ്പോ ലൈസൻസ് നൽകുന്നതിന് കൈക്കൂലി ആവശ്യപ്പെട്ട എന്ന ആരോപണ ത്തിന്മേൽ ശ്രീ.അടൂർ പ്രകാശിനെതിരെ വി.സി.02/08/എൻ.ആർ.കെ നമ്പരായുള്ള വിജിലൻസ് കേസ് കോഴിക്കോട് വിജിലൻസ് കോടതിയിൽ സി.സി.6/11, 7/11 നമ്പരായി വിചാരണ നടന്നു വരവേ, തുടർ അന്വേഷണം നടത്തുന്നതിന് കോടതി ഉത്തരവിട്ടതിന്റെ അടിസ്ഥാനത്തിൽ തുടരന്വേഷണം നടത്തി വിചാരണ നടപടികൾ തുടർന്നു നടത്താമെന്ന ശുപാർശ സഹിതം റിപ്പോർട്ട് 30/05/2016 ൽ കോടതിയിൽ സമർപ്പിക്കുകയുണ്ടായി |

| | |
|---|---|
| (സി) സർക്കാർ അധികാരമേറ്റശേഷം മന്ത്രി പദം ഒഴിയേണ്ടി വന്നതാർക്കൊക്കെയെന്നും അത് എന്തു കാരണത്താലാണെന്നും വിശദമാക്കാമോ; | (സി) ശ്രീ.കെ.എം.മാണി, മുൻ നിയമവും ധനകാര്യവും വകുപ്പ് മന്ത്രി രാജി വച്ചത് വിജിലൻസ് കേസിന്റെ അടിസ്ഥാനത്തിലാണ്. |

**സെക്ഷൻ ഓഫീസർ**